A

304

# വാർഷിക മൂല്യനിർണയം 2016-17
## പരിസരപഠനം

സ്റ്റാൻഡേർഡ് - III

സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ______________________

വിദ്യാലയത്തിന്റെ പേര് ______________________

ഡിവിഷൻ ______________________

രക്ഷിതാവിന്റെ ഒപ്പ് ______________________

അധ്യാപകന്റെ ഒപ്പ് ______________________

| പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|
| പ്രവർത്തനം 1 | |
| പ്രവർത്തനം 2 | |
| പ്രവർത്തനം 3 | |
| പ്രവർത്തനം 4 | |
| പ്രവർത്തനം 5 | |
| ഓവറോൾ ഗ്രേഡ് | |

---

### പ്രവർത്തനം 1

അപ്പുവിന്റെ സ്കൂളിൽ ഡോക്ടറുടെ നേതൃത്വത്തിൽ ആരോഗ്യക്ലാസ് നടന്നു. ജീവികളിലൂടെയും വെള്ളത്തിലൂടെയും പകരുന്ന രോഗങ്ങളെ കുറിച്ചായിരുന്നു ക്ലാസ്.

എ) ഏതെല്ലാം രോഗങ്ങളെക്കുറിച്ചായിരിക്കാം ഡോക്ടർ സംസാരിച്ചിട്ടുണ്ടാവുക? താഴെ തന്നിരിക്കുന്ന പട്ടികയിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക.

ചിക്കൻപോക്സ്, വയറിളക്കം, പ്ലേഗ്, വയറുകടി, ജലദോഷം, എലിപ്പനി, മഞ്ഞപ്പിത്തം, ക്യാൻസർ, ഡെങ്കിപ്പനി, കോളറ, ചിക്കുൻഗുനിയ, ടൈഫോയ്ഡ്, ആസ്ത്മ

| ജീവികൾ പരത്തുന്ന രോഗങ്ങൾ | വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ |
|---|---|
| • | • |
| • | • |
| • | • |
| • | • |
| • | • |

ബി) ഡോക്ടറുടെ ക്ലാസിനെ തുടർന്ന് ആരോഗ്യ ക്ലബിന്റെ നേതൃത്വത്തിൽ ജലത്തിലൂടെയും ജീവികളിലൂടെയും പകരുന്ന രോഗങ്ങൾ പിടിപെടാതിരിക്കാൻ ബോധവൽക്കരണം നടത്തുന്നതിനായി പോസ്റ്റർ തയാറാക്കുവാൻ തീരുമാനിച്ചു. തലക്കെട്ട്, ചിത്രങ്ങൾ, വ്യക്തമായ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി പോസ്റ്റർ തയാറാക്കുവാൻ നിങ്ങൾ സഹായിക്കുമോ?.

പ്രവർത്തനം-2

അമ്മുവും അച്ഛനും കൂടി പട്ടണത്തിലേക്ക് യാത്ര തിരിച്ചു. അവർ രണ്ടുപേരും കൂടി നടന്ന് കവലയിലെ ട്രാഫിക് ലൈറ്റിനടുത്തെത്തി. ലൈറ്റിലെ നിറങ്ങൾ മാറി മാറി വന്നുകൊണ്ടിരിക്കുന്നു.

എ) ട്രാഫിക് ലൈറ്റിന് നിറം നൽകി ഓരോ നിറവും എന്തിനെ സൂചിപ്പിക്കുന്നു എന്ന് എഴുതാമോ?



ബി)




അപ്പുവിന്റേയും രാജുവിന്റേയും വീടുകൾ കണ്ടല്ലോ. കാൽനടയായി വിദ്യാലയത്തിലേക്ക് വരുമ്പോഴും തിരിച്ച് വീട്ടിലേക്ക് പോകുമ്പോഴും ഇവർ രണ്ടുപേരും എന്തെല്ലാം റോഡു നിയമങ്ങൾ ശ്രദ്ധിക്കണം.

- 
- 
- 
- 
- 

പ്രവർത്തനം-3

എ) ആമിനയുടെയും റാണിയുടെയും കുടുംബങ്ങൾ വിനോദയാത്രയ്ക്കായി താഴെ പറയുന്ന സ്ഥലങ്ങളിൽ പോകണമെന്ന് തീരുമാനിച്ചു. അവർ ഏതെല്ലാം ജില്ലകളിൽ പോകേണ്ടിവരും എന്ന് തന്നിരിക്കുന്ന ഭൂപടത്തിൽ രേഖപ്പെടുത്താമോ? (ഓരോ സ്ഥലത്തിന്റേയും പേരു സൂചിപ്പിക്കുന്ന നമ്പർ ഭൂപടത്തിൽ അടയാളപ്പെടുത്തുക).

**പോകാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ**

1. ബേക്കൽ കോട്ട
2. എടക്കൽ ഗുഹ
3. മൂന്നാർ
4. തുഞ്ചൻ പറമ്പ്
5. കോവളം
6. ആതിരപ്പള്ളി
7. കുട്ടനാട്




ബി) സംസ്ഥാനതലത്തിൽ നടക്കുന്ന വിദ്യാർഥി സംഗമത്തിന് വന്ന പ്രതിനിധികൾ അവരവരുടെ ജില്ലയുടെ രണ്ട് പ്രധാന സവിശേഷതകൾ പറഞ്ഞുകൊണ്ടാണ് പരിചയപ്പെടുത്തിയത്. നിങ്ങൾ പ്രതിനിധിയായിരുന്നെങ്കിൽ ജില്ലയെക്കുറിച്ച് പറയുമായിരുന്ന രണ്ട് സവിശേഷതകൾ രേഖപ്പെടുത്തൂ.

എന്റെ ജില്ല

എന്റെ ജില്ലയുടെ സവിശേഷതകൾ

പകലും രാത്രിയും എങ്ങനെയാണ് മാറിമാറി ഉണ്ടായിക്കൊണ്ടേയിരിക്കുന്നത്? അമ്മുവിന്റെ സംശയം തീർക്കാനായി അപ്പു തന്റെ പരീക്ഷണപ്പെട്ടി തുറന്നു.



എ) ഇവയിൽ നിന്നും ഏതെല്ലാം സാമഗ്രികളാവും അപ്പു പരീക്ഷണത്തിനായി തിരഞ്ഞെടുത്തത്?

ബി) തിരഞ്ഞെടുത്ത സാമഗ്രികൾ ഉപയോഗിച്ച് അപ്പു എങ്ങനെയാവും പരീക്ഷണം ചെയ്തിട്ടുണ്ടാവുക.

കുറിപ്പ് തയാറാക്കുക.